# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2533** **19.12.2012-ൽ മറുപടിക്ക്**

## പുതിയ മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ :<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :<br>ശ്രീ. സി. കെ. സദാശിവൻ :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ ആഭിമുഖ്യത്തിൽ നടപ്പുവർഷം തുടങ്ങുമെന്ന് പ്രഖ്യാപിച്ച അഞ്ച് മെഡിക്കൽ കോളേജുകളിൽ ഓരോന്നിന്റെയും നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ; | (എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ആരംഭിക്കുന്ന നാല് മെഡിക്കൽ കോളേജുകളുടെ നിർമ്മാണത്തിനായുള്ള വിശദമായ പദ്ധതി രേഖ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ചിട്ടുണ്ട്. കോന്നിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജിന്റെ പദ്ധതി നടത്തിപ്പ് എച്ച്.എൽ.എല്ലിനെയും മഞ്ചേരി മെഡിക്കൽ കോളേജിന്റെ പദ്ധതി നടത്തിപ്പ് കിറ്റ്കോ യെയും ഏൽപ്പിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിനായി പൊതുമരാമത്ത് വകുപ്പിന്റേയും ഗ്രാമ വികസന വകുപ്പിന്റേയും കൈവശമുള്ള 3.22 ഏക്കർ ഭൂമി ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. കാസർഗോഡ്, ഇടുക്കി എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജിനായുള്ള സ്ഥലമെടുപ്പ് സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നുവരുന്നു. കോന്നി മെഡിക്കൽ കോളേജിന് വേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജിന് കേരള ആരോഗ്യ സർവ്വകലാശാലയുടെ എൻ.ഒ.സിയും ലഭ്യമായിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജിനായുള്ള തസ്തികകൾ സൃഷ്ടിക്കാനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

(P.T.O)

കൂടാതെ പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഒരു പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കാനും പാലക്കാട് ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കാനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഹരിപ്പാട് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്റ്റ് റിപ്പോർട്ടും സ്പെഷ്യൽ ഓഫീസർ സമർപ്പിച്ചിട്ടുണ്ട്. ഈ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള മെഡിക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനിയും രജിസ്റ്റർ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ഇവയിൽ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചവ ഏതൊക്കെ ; അതിനായി സമർപ്പിച്ച അപേക്ഷകൾ ഏതൊക്കെ ; വിശദമാക്കുമോ ; | (ബി) മഞ്ചേരി മെഡിക്കൽ കോളേജ് 2013-14-ൽ പ്രവർത്തനം ആരംഭിക്കുന്നതിനായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജിന് കേരള ആരോഗ്യ സർവ്വകലാശാലയുടെ എൻ.ഒ.സിയും ലഭ്യമായിട്ടുണ്ട്. |
| (സി) നിർദ്ദിഷ്ഠ സ്ഥലങ്ങളിൽ സർക്കാർ സ്ഥലവും സൗകര്യങ്ങളും ഉപയോഗിച്ച് സ്വകാര്യ പങ്കാളിത്തത്തിൽ മെഡിക്കൽ കോളേജ് നടത്താൻ ഉദ്ദേശിക്കുന്നവ ഏതൊക്കെ ; ഈ ദിശയിൽ നയംമാറ്റം നടത്തിയതിലും കെടുകാര്യസ്ഥതയിലും ആക്ഷേപം ഉയർന്നുവന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഒരു പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം നിർദ്ദിഷ്ട സ്ഥലങ്ങളിൽ സർക്കാർ മേഖലയിൽ തന്നെ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കാൻ തയ്യാറാകുമോ ? | (ഡി) ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച നാല് മെഡിക്കൽ കോളേജുകൾ സർക്കാർ മേഖലയിൽത്തന്നെ സ്ഥാപിക്കാനാണുദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**